# നാളികേര ഗവേഷണ കേന്ദ്രം ശതാബ്ദിയിലേക്ക്; ഒരുവർഷം നീളുന്ന ഗവേഷണ പ്രവർത്തനം

**കായംകുളം:** കായംകുളത്തെ നാളികേര ഗവേഷണ കേന്ദ്രം ശതാബ്ദി വർഷത്തിലേക്ക്. ശതാബ്ദി വർഷത്തിൽ ഒരുവർഷം നീളുന്ന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുമെന്ന് സി.പി.സി.ആർ.ഐ (സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച് ഇൻസ്റ്റിറ്റ്യൂട്ട്) ഡയറക്ടർ ചൗദപ്പ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

1916ൽ ആരംഭിച്ച നാളികേര ഗവേഷണ കേന്ദ്രം 1970ലാണ് ഭാരതീയ ഗവേഷണ കൗൺസിലിന്റെ കീഴിൽ തോട്ടവിള ഗവേഷണ കേന്ദ്രമായി പ്രവർത്തനം തുടങ്ങിയത്. തെങ്ങ്, കമുക്, കൊക്കോ വിളകളുടെ ഗവേഷണമാണ് ഇവിടെ നടക്കുന്നത്.

തെങ്ങുംതൈകളുടെ ലഭ്യതക്കുറവ് പരിഹരിച്ച് കൂടുതൽ തൈകൾ കർഷകർക്ക് ലഭിക്കാനുള്ള പ്രവർത്തനം നടത്തിവരുകയാണെന്ന് ഡയറക്ടർ പറഞ്ഞു. ഇപ്പോൾ നാളികേരത്തിന്റെ 19 ഇനങ്ങൾ വികസിപ്പിച്ചു. കാറ്റുവീഴ്ച പ്രദേശങ്ങളിൽ കൽപരക്ഷ, കൽപശ്രീ, കൽപസങ്കര എന്നീ പ്രത്യേക ഇനവും വികസിപ്പിച്ചത് കർഷകർക്ക് കൂടുതൽ പ്രയോജനകരമാണ്. ഇടവിള കൃഷിയും സമ്മിശ്ര കൃഷി രീതികളും കർഷകർ കൂടുതൽ പ്രയോജനപ്പെടുത്തുക വഴി ആദായ വർധനവ് കൂടുകയും കൂടുതൽ ഉൽപാദന ഗുണമേന്മ ലഭിക്കുകയും ചെയ്യും.

സാമൂഹിക പങ്കാളിത്തത്തോടെ ജില്ലയിലെ ഭരണിക്കാവ് പഞ്ചായത്തിൽ വിജയകരമായ രീതിയിൽ നടപ്പാക്കിയ തെങ്ങ് രോഗനിയന്ത്രണ പദ്ധതി കൂടുതൽ പ്രദേശങ്ങളിൽ വ്യാപിക്കുമെന്നും വിവരസാങ്കേതിക വിദ്യയിലൂടെ കേരകർഷകർക്ക് കൃഷി രീതി സംബന്ധമായ വിവരങ്ങൾ അറിയാൻ പുതിയ സംവിധാനം രൂപപ്പെടുത്തി വരുകയാണെന്നും അദ്ദേഹം പറഞ്ഞു.

വാർത്താസമ്മേളനത്തിൽ കായംകുളം റീജൻ മേധാവി വി. കൃഷ്ണകുമാർ, ഡോ. അനിതാകുമാരി എന്നിവരും പങ്കെടുത്തു.